**പതിനാലാം കേരളനിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1204** 02/03/2017 -ൽ മറുപടിയ്ക്ക്

**<u>എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം : | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. ബുക്കിൽ ഒട്ടിച്ച ഫോട്ടോ മങ്ങിയത് കാരണം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിച്ച മുഹമ്മദ് അഷ്റഫ് വെള്ളാരത്തൊടി, കുടുംബത്തൊടി ഹൗസ് പി.ഒ, തുറക്കൽ, കൊണ്ടോട്ടി എന്നയാളുടെ Ex/JA4/2139/2016/CGE എന്ന ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | Ex/JA4/2139/2016/CGE നമ്പർ പ്രകാരം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷ സമർപ്പിച്ച ശ്രീ.മുഹമ്മദ് അഷ്റഫ് വെള്ളാരത്തൊടിയുടെ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് 21.05.2016 ന് പരീക്ഷാഭവനിൽ നിന്നും ജി.എച്ച്.എസ്.എസ് കോട്ടപ്പുറം ഹെഡ്മാസ്റ്റർക്ക് അയച്ചുകൊടുത്തിട്ടുള്ളതും, ആയത് ഹെഡ്മാസ്റ്റർ 30.05.2016 ന് കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) പത്ത് മാസം കഴിഞ്ഞിട്ടും ഇദ്ദേഹത്തിന് എസ്.എസ്.എൽ.സി. ബുക്ക് ലഭിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോട്ടപ്പുറം ഹെഡ്മാസ്റ്ററിനെ ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ ടിയാന്റെ സർട്ടിഫിക്കറ്റ് കൈപ്പറ്റാൻ 10.06.2016, 08.09.2016, 31.10.2016 എന്നീ തീയതികളിൽ ടിയാന് സ്കൂളിൽ നിന്നും കത്തയച്ചിട്ടുണ്ട് എന്നറിയിച്ചിരുന്നു. |
| (സി) ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി 29.08.2016 ന് അദ്ദേഹം സ്പീഡ് പോസ്റ്റ് വഴി സമർപ്പിച്ച ഹർജിയിലും തീരുമാനം ഉണ്ടായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) അദ്ദേഹത്തിന് എന്നത്തേക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുമെന്ന് വിശദമാക്കുമോ? | (ഡി) | 21.05.2016 ന് ടിയാന്റെ സർട്ടിഫിക്കറ്റ് സ്കൂളിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ആയത് കൈപ്പറ്റാൻ 10.01.2017 ന് വീണ്ടും കോട്ടപ്പുറം ഹെഡ്മാസ്റ്റർ ടിയാന് രജിസ്റ്റേഡ് കത്ത് അയച്ചു കൊടുത്തിട്ടുണ്ട്. ആയത് ടിയാന് സ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്നും കൈപ്പറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ